ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

വിളവോത്സവ്-2012 എന്ന പേരിൽ നമ്മുടെ കൂട്ടായ്മ ഒരുക്കിയ ആദ്യഫല സമർപ്പണം അഥവാ വിളവെടുപ്പ് മഹോത്സവം വളരെ അനുഗ്രഹപ്രദമായി നടന്നു എന്നത് അഭിമാനാർഹമായ വസ്തുതയാണ്. വിളവോത്സവിൻെറ ക്രമീകരണവും പരിപാടികളും പങ്കെടുത്ത എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി എന്നത് സന്തോഷകരമാണ്. മലങ്കരകൂട്ടായ്മയുടെ സംഘാടനക്ഷമതയ്ക്കും കാര്യപ്രാപ്തിക്കും തെളിവായി ഒരദ്ധ്യായംകൂടെ രേഖപ്പെടുത്തിക്കൊണ്ട് വിളവോത്സവ്-2012 എല്ലാവരുടെയും മനസ്സിൽ തെളിഞ്ഞു നിൽക്കുകയാണ്.

പ്രഥമവും പ്രധാനവുമായി ദൈവപരിപാലനയ്ക്കു ആയിരമായിരം നന്ദി... സ്തോത്രം...

സാന്നിദ്ധ്യവും സന്ദേശവും കൊണ്ട് വിളവോത്സവിനെയും നമ്മെയും അനുഗ്രഹിച്ച വികാരിയേറ്റ് അദ്ധ്യക്ഷനായ അഭിവന്ദ്യ കമില്ലോ ബല്ലീൻ പിതാവിനോടുള്ള പ്രത്യേകമായ നന്ദി അറിയിക്കുകയാണ്.

സന്ദർശനവും സന്ദേശവും കൊണ്ട് നമ്മെ ധന്യരാക്കിയ വന്ദ്യരായ ഫാ. ഫിലിപ്പോസ് (വികാരി ജനറാൾ, മാർത്തോമ്മാ സഭ), ഫാ. മത്തായി ഒ.എഫ്.എം., ഫാ. ആൽബർട്ട് ഒ.സി.ഡി., ഫാ. ആൻഡ്രൂസ് ഒ.എഫ്.എം (സെൻറ് ഡാനിയേൽ കമ്പോണി പാരിഷ്) എന്നിവരോടുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞത അറിയക്കുകയാണ്.

കത്തോലിക്കാസഭയിലെയും ഇതര ക്രിസ്തീയകൂട്ടായ്മകളിലെയും സംഘടനകളുടെ ബഹുമാന്യരായ ഭാരവാഹികളും അനേകം വിശ്വാസികളും വിളവോത്സവിൽ സംബന്ധിച്ച് നമ്മെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. കുവൈറ്റിലെ കലാ-സാംസ്കാരികരംഗത്തെ അഭ്യുദയകാംക്ഷികളുടെ ഉദാരമായ സാന്നിധ്യവും വാക്കുകളും സഹകരണവും നമുക്കു വിസ്മരിക്കാനാവില്ല. അവരെല്ലാവരോടുമുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തുകയാണ്.

വിളവോത്സവ്-2012 വിജയപ്രദമാകുന്നതിന് വിളവോത്സവിനു വേണ്ടി രൂപീകരിച്ച വിവിധ കമ്മിറ്റികളുടെ കൺവീനേഴ്സും അതിലെ അംഗങ്ങളും; കെ.എം.ആർ.എം. കമ്മിറ്റിയും അഡ്വൈസറി ബോർഡ് അംഗങ്ങളും; പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ്; യുവജ്യോതി, ഫ്രണ്ട്സ് ഓഫ് മേരി, ലിറ്റർജി ക്ലാസ് അംഗങ്ങളും പ്രശംസാർഹമായ അദ്ധ്വാനം ചെയ്തിട്ടുണ്ട്. എല്ലാവരോടും നമ്മുടെ കൂട്ടായ്മയുടെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയാണ്.

നന്ദിപൂർവം സ്മരിക്കേണ്ടവർ ഏറെയാണ്: വിളവോത്സവിനു പ്രോത്സാഹജനകമായ വാർത്തപ്രാധാന്യം മാധ്യമങ്ങൾ; വിവിധ കലാപരിപാടികൾ അവതരിപ്പിച്ച നാട്ടിൽ നിന്നും കുവൈറ്റിൽ നിന്നുമുള്ള കലാപ്രതിഭകൾ; വിളവോത്സവിനു സ്ഥലവും സൗകര്യവും നല്കി ഭാരതീയ വിദ്യാഭവൻ സ്ക്കൂൾ, അബ്ബാസിയ, അധികൃതർ...

എല്ലാറ്റിനുമുപരിയായി നമ്മുടെ വിശ്വാസികളുടെ നിറസാന്നിധ്യവും ഹൃദയപൂർവമായ സഹകരണവും കൊണ്ട് വിജയകരമായിത്തീർന്നതാണ് വിളവോത്സവ് 2012. പ്രതീക്ഷിച്ചതു പോലെ അത് കൂട്ടായ്മയുടെയും ഉദാരതയുടെയും അനുഭവം തുടരുകയായിരുന്നു. തുടർന്നും അനേകം ഉത്തമമായ കർമ്മപരിപാടികൾ ഏറ്റെടുക്കുവാൻവിളവോത്സവ് 2012 നമുക്കു മാർഗ്ഗദർശകമായിത്തീരട്ടെ!

ദൈവത്തിൻെറ സമൃദ്ധമായ അനുഗ്രഹങ്ങൾ എല്ലാവരോടുമൊപ്പം തുടർന്നും ഉണ്ടായിരിക്കട്ടെ!

യേശുവിൽ

ഫാ. ഡോ. ജോൺ പടിപ്പുരയ്ക്കൽ

